Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre


# STATE POLICE MEDIA CENTRE

KERALA POLICE

No.446/PR/SPMC/PHQ/2026 Date:24.09.2026

## പത്രക്കുറിപ്പ്

### വിഎസിബി സ്യൂട്ട് 3.0 യുടെ ഉദ്ഘാടനം സെപ്റ്റംബർ 25 ന്

വിജിലൻസ് ആൻറ് ആന്റികറപ്ഷൻ ബ്യൂറോയുടെ നവീകരിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോമായ വിഎസിബി സ്യൂട്ട് 3.0 യുടെ ഉദ്ഘാടനം ആഭ്യന്തര വിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല വെള്ളിയാഴ്ച (സെപ്റ്റംബർ 25) രാവിലെ 11ന് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിലെ മൈൻഡ് ആഡിറ്റോറിയത്തിൽ നിർവ്വഹിക്കും.

വിഎസിബി സ്യൂട്ട് 3.0 യുടെ ഉപയോഗത്തിനായുള്ള മാനുവലിന്റെ പ്രകാശനം, വിജിലൻസ് ഉദ്യോഗസ്ഥർക്കുള്ള ബാഡ്ജ് ഓഫ് ഹോണറിന്റെയും പുതുതായി രൂപകൽപ്പനചെയ്ത യൂണിഫോമിന്റേയും വിതരണം എന്നിവയും ആഭ്യന്തര മന്ത്രി നിർവ്വഹിക്കും.

വിജിലൻസ് കേസുകളുടെ അന്വേഷണത്തിനും ഏകോപനത്തിനും വേണ്ടിയുള്ള ഒരു സംയോജിത ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് വിഎസിബി സ്യൂട്ട് 3.0. രേഖകളുടെ മികച്ച പരിശോധനാ സംവിധാനം, ഡേറ്റാ സുരക്ഷിതത്വം, നിർവഹണവേഗത, ഉദ്യോഗസ്ഥ തലത്തിലുള്ള കാര്യക്ഷമമായ മേൽനോട്ടം തുടങ്ങിയവയാണ് പുതിയ സംവിധാനത്തിന്റെ സവിശേഷതകൾ.

സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡി.ജി.പിയും വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടറുമായ മനോജ് എബ്രഹാം സ്വാഗതമാശംസിക്കും. ചടങ്ങിന് വിജിലൻസ് &

ആൻറി കറപ്ഷൻ ബ്യൂറോ ആസ്ഥാനത്തെ എസ്.പി എസ്.ആർ ജ്യോതിഷ് കുമാർ ആശംസയും വിജിലൻസ് ഇൻറലിജൻസ് എസ്.പി ഉജ്ജ്വൽ കുമാർ നന്ദിയും പറയും.

മുൻ ഡി.ജി.പി എ. ഹേമചന്ദ്രൻ, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, വിജിലൻസ് വകുപ്പിലെ ജീവനക്കാർ എന്നിവർ സംബന്ധിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ